**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3668** **26-10-2021 - ൽ മറുപടിയ്ക്ക്**

**കായികരംഗം മെച്ചപ്പെടുത്തുന്നതിന് സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായികരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികരംഗത്തെ പ്രഗത്ഭ വ്യക്തികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കായികരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികനയം രൂപീകരിക്കാൻ തീരുമാനിക്കുകയും ആയതിനായി കായിക രംഗത്തെ പ്രഗത്ഭരുൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുന്നതിനും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ കായികരംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ച നൂതന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (ബി) | കോവിഡ് മഹാമാരിയുടെ വ്യാപനം കുറഞ്ഞതനുസരിച്ച് കായിക അസോസിയേഷനുകളുടെ നേതൃത്വത്തിൽ മത്സരങ്ങളും, ടൂർണമെന്റുകളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും ഉറക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തനക്ഷമമാക്കി പരിശീലനം ആരംഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായിക ക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക്ഡൗൺ സമയത്ത് വീട്ടിലിരുന്ന തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച നടപ്പിലാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുജനങ്ങൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെ കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളിൽ കായിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. |
| (സി) | കഴിഞ്ഞ പത്ത് വർഷക്കാലത്ത് ഏതെല്ലാം കായികയിനങ്ങളിൽ സംസ്ഥാനത്തെ താരങ്ങൾക്ക് അഖിലേന്ത്യാതലത്തിലും ഒളിമ്പിക്സിലും മറ്റും മികവ് പുലർത്താനായെന്നും തുടർന്നും ഈ മികവ് നിലനിർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ പത്തു വർഷക്കാലത്ത് വിവിധ കായികയിനങ്ങളിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് അഖിലേന്ത്യാ തലത്തിലും ഒളിമ്പിക്സിലും മികവ് പുലർത്താനായി. അത്ലറ്റിക്സ്, വോളീബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, സോഫ്റ്റ് ബോൾ, ബേസ് ബോൾ, റസ്ലിംഗ്, സൈക്ലിംഗ്, വുഷു, റോളർ സ്കേറ്റിംഗ്, ചെസ്സ് തുടങ്ങിയ കായികയിനങ്ങളിലും കൂടാതെ 2020 ടോക്യോ ഒളിമ്പിക്സിൽ പുരുഷ ഹോക്കി ടീമിൽ വെങ്കലമെഡൽ നേടാനും സാധിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ :- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം:- മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ മികച്ച കായിക പരിശീലനം നൽകി വരുന്നു. ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും, എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായവും അനുവദിച്ചു നൽകുന്നുണ്ട്. മേൽ പദ്ധതികൾക്ക് പുറമെ ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ